തൃശൂർ അന്താരാഷ്ട്ര ചലച്ചിത്രമേള



# രോഗവും മനുഷ്യരും

ഐ. ഷണ്മുഖദാസ്



ഇന്ത്യയടക്കം പത്തൊമ്പതുരാഷ്ട്രങ്ങളിൽ നിന്നായി തൊണ്ണൂറോളം ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന തൃശൂർ അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ ഒരു പ്രധാന വിഭാഗം 'രോഗവും മനുഷ്യരും' ആയത് ഒരു യാദൃച്ഛികതയല്ല. മൂന്നു മെഡിക്കൽ കോളേജുകളും ധാരാളം സ്വകാര്യ ആശുപത്രികളും ഉള്ള ഈ ചെറുനഗരത്തിലേക്ക് ഇന്ന് ഒരു പക്ഷേ രോഗികളോളം തന്നെ ഡോക്ടർമാരാകാൻ ആഗ്രഹിക്കുന്ന എൻട്രൻസ് വിദ്യാർത്ഥികളും ധാരാളം എത്തിച്ചേരുന്നുണ്ട്. രോഗത്തെയും രോഗം മൂലമുള്ള മരണത്തേയും അഭിമുഖീകരിക്കുന്ന രോഗികളും ഡോക്ടർമാരുമായ കുറച്ചുപേരുടെ ജീവിതാവസ്ഥയും രോഗത്തോടും മരണത്തോടും ഉള്ള ധാർമ്മികവും ദാർശനികവും ശാരീരികവുമായ സമീപനങ്ങളും അവതരിപ്പിക്കുന്ന നാലു മികച്ച ചിത്രങ്ങളാണ് ഈ വിഭാഗത്തിലുള്ളത്.



ഒരു ഇന്ത്യൻ അന്താരാഷ്ട്ര മേളയുടെ ഉദ്ഘാടനചിത്രമായ 'പൂമ്പാറ്റ'യുടെ സംവിധായകനായ കരെൽ കഹിനയുടെ 'എ ഫണ്ണി ഓൾഡ് മേൻ' ഈ വിഭാഗത്തിലെ ഒരു പ്രധാന ചിത്രമാണ്. ആശുപത്രി തന്നെ പശ്ചാത്തലം. കേന്ദ്ര കഥാപാത്രം ആസന്നമരണാവസ്ഥയിലുള്ള ഒരു രോഗിയും. രോഗത്തിന്റെ ദാർശനികവശം അവതരിപ്പിക്കുന്ന ഈ ചെക്ക് ചിത്രം ഇന്ത്യയുടെ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ നേരത്തെ ഗോൾഡൻ പീകോക്ക് നേടിയിട്ടുണ്ട്. ആതുര ശുശ്രൂഷ മനുഷ്യസ്നേഹത്താൽ പ്രചോദിതമായ ഒരു പ്രവൃത്തിയാണെന്ന ഉത്തമബോധ്യത്തോടെ ചൈനയിൽ പോയി ജീവിതം മനുഷ്യസേവനത്തിനായി സമർപ്പിച്ച കോട്നിസിനെക്കുറിച്ചുള്ള 'ഡോക്ടർ കോട്നിസ് കി അമർ കഹാനി' ശാന്താറാമിന്റെ പ്രശസ്തമായ ചിത്രമാണ്. ഈ വിഭാഗത്തിന്റെ മറ്റു രണ്ടു ചിത്രങ്ങളും ജപ്പാനിൽ നിന്നാണ്. അകിറ കുറൊസവയുടെ 'ഇകിറു' വും 'റെഡ് ബിയേർഡും'. അർബുദരോഗബാധിതനായി ജീവിക്കാൻ ആറുമാസം മാത്രം ബാക്കി നില്ക്കുന്നു എന്നറിഞ്ഞ് അപ്പോൾ മാത്രം ജീവിതം അന്വേഷിക്കാനാരംഭിച്ച ഒരു ബ്യൂറോക്രാറ്റിന്റെ കഥയാണിത്. ടോൾസ്റ്റോയിയുടെ 'ഇവാൻ ഇലിച്ചിന്റെ മരണം' ഈ ചിത്രത്തിന്റെ ഒരു പ്രചോദനമായിരുന്നു. വെനീസ് ചലച്ചിത്രമേളയിൽ മികച്ച നടനുള്ള അവാർഡ് കുറൊസവയുടെ പതിവുനായകനായ തോഷിറൊ മിഫൂണ് നേടിക്കൊടുത്ത ചിത്രമാണ് 'റെഡ് ബിയേർഡ്'. ഒരു സീനിയർ ഡോക്ടറുടെ അരികിൽ പരിശീലനത്തിനെത്തുന്ന ഒരു ജൂനിയർ ഡോക്ടർ തൊഴിലും ജീവിതവും മരണവും ശുശ്രൂഷയും ആഴത്തിൽ ആശുപത്രിയിൽ വെച്ചു പഠിക്കുന്ന കഥയാണ് 'റെഡ് ബിയേർഡ്'

